നം.DDDKER/2972/2024-C2

ക്ഷീരവികസന വകുപ്പ് ഡയറക്ടറേറ്റ്
പട്ടം, തിരുവനന്തപുരം -695004
ഫോൺ :0471-2445749, 2445799
e-mail: dir.dairy@kerala.gov.in
cru.ddd@kerala.gov.in
തീയതി:03-10-2024

**<u>സർക്കുലർ നം.46/2024</u>**

| | |
|---|---|
| വിഷയം:- | ക്ഷീര വികസന വകുപ്പ് - സഹകരണം - സംസ്ഥാനത്തെ ക്ഷീരസഹകരണ സംഘങ്ങൾ വാർഷിക പൊതുയോഗം കൂട്ടുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ - സംബന്ധിച്ച് |
| സൂചന :- | 1 ) ഈ ഓഫീസിലെ 10.06.2015 ലെ സി2/5844/2015 നമ്പർ സർക്കുലർ |
| | 2) 2023 ലെ കേരള സഹകരണ സംഘം (ഭേദഗതി) ആക്ട്. |

1969 ലെ കേരള സഹകരണ നിയമം വകുപ്പ് 29 പ്രകാരം സഹകരണ സംഘങ്ങളുടെ വാർഷിക പൊതുയോഗം ഒരു സാമ്പത്തിക വർഷാവസാനത്തെ തുടർന്ന് 6 മാസത്തിലൊരിക്കൽ കൂടിയിരിക്കണം എന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു . ആയത് സംബന്ധിച്ച് മേൽ സൂചന 1 പ്രകാരം നിർദ്ദേശം നൽകിയിട്ടുള്ളതാണ്. തുടർന്ന് മേൽ സൂചന 2 പ്രകാരം നിലവിൽ വന്ന നിയമ ഭേദഗതി കൂടി ഉൾപ്പെടുത്തികൊണ്ട് വാർഷിക പൊതുയോഗം കൂട്ടുമ്പോൾ ശ്രദ്ധിക്കേണ്ട വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു .

1. ഒരു സാമ്പത്തിക വർഷം അവസാനിച്ച് ആറ് മാസത്തിനകം വാർഷിക പൊതുയോഗം വിളിച്ച് കൂട്ടി മുൻ വർഷത്തെ പ്രവർത്തനത്തിനു അംഗീകാരം വാങ്ങേണ്ടത് സംഘത്തിന്റെ ബാധ്യതയാണ്.
2. വാർഷിക പൊതുയോഗത്തിന്റെ തീയതി, സ്ഥലം, സമയം, അജണ്ടകൾ വ്യക്തമാക്കുന്ന നോട്ടീസ് കുറഞ്ഞത് പൂർണ്ണമായ 15 ദിവസത്തിന് മുൻപ് അംഗങ്ങൾക്ക് നൽകിയിരിക്കണം.
3. ആനന്ദ് മാതൃക ക്ഷീരോല്പാദക സഹകരണ സംഘങ്ങളിൽ വാർഷിക പൊതുയോഗത്തിൽ പങ്കെടുക്കുന്നതിന് അംഗങ്ങൾക്ക് പ്രസ്തുത പൊതുയോഗം നടത്തുന്നതിനായി ഭരണസമിതി തീരുമാനമെടുത്ത തീയതിക്ക് തൊട്ടു പുറകിലോട്ടുള്ള ഒരു വർഷത്തിൽ 180 ദിവസത്തിൽ കുറയാതെ പാൽ നൽകിയിരിക്കുകയും എന്നാൽ പാൽ നൽകിയ ദിവസങ്ങളുടെ എണ്ണം 180 ൽ കുറവാണെങ്കിൽ സംഘത്തിന് പ്രസ്തുത കാലയളവിൽ സംഘത്തിൽ നൽകിയ പാലിന്റെ അളവ് 500 ലിറ്ററിൽ കുറയാതെ ഉണ്ടെങ്കിൽ പ്രസ്തുത അംഗത്തിന് വാർഷിക പൊതുയോഗത്തിൽ പങ്കെടുക്കാൻ അർഹത ഉണ്ടായിരിക്കുന്നതാണ്. പരമ്പരാഗത

സംഘങ്ങളെ സംബന്ധിച്ച് സംഘം നിയമാവലിയിൽ പ്രതിപാദിച്ചിരിക്കുന്ന യോഗ്യത പാലിച്ചായിരിക്കണം പൊതുയോഗത്തിൽ അംഗങ്ങളെ പങ്കെടുപ്പിക്കേണ്ടത്.

4. വാർഷിക പൊതുയോഗത്തിന്റെ അജണ്ട താഴെ പറയുന്നവയാണ്.

a. സംഘത്തിന്റെ പ്രവർത്തന പരിപാടികളെ സംബന്ധിച്ച് വരും വർഷത്തേയ്ക്ക് സംഘം ഭരണസമിതി തയ്യാറാക്കിയിട്ടുള്ള ബഡ്ജറ്റ് അംഗീകരിക്കൽ. സപ്ളിമെൻ്ററി ബഡ്ജറ്റ് ആവശ്യമെങ്കിൽ ആയത് പാസ്സാക്കുക.
b. ആഡിറ്റ് റിപ്പോർട്ടിന്റെയും ആയതിൻമേലുള്ള തുടർനടപടികളുടെയും, വാർഷിക റിപ്പോർട്ടിന്റെയും അംഗീകരിക്കൽ.
c. പ്രവർത്തന കമ്മി/നഷ്ടം ഉണ്ടെങ്കിൽ ആയത് അവലോകനം ചെയ്യുക, പരിഹരിക്കുന്നതിനുള്ള നടപടികൾ ചർച്ച ചെയ്യുക.
d. അടുത്ത വർഷത്തേയ്ക്കുള്ള ഭരണസമിതി തയ്യാറാക്കിയ സംഘത്തിന്റെ പ്രവർത്തന പരിപാടികൾ അംഗീകരിക്കുക.
e. അനുബന്ധ സ്ഥാപനങ്ങളുടെ ആഡിറ്റ് ചെയ്ത കണക്കുകളും വാർഷിക റിപ്പോർട്ടും അവലോകനം ചെയ്യുക.
f. നിയമാവലി ഭേദഗതി നടത്തുക.
g. മുൻ സാമ്പത്തിക വർഷം സംഘത്തിലെ ഭരണസമിതി അംഗങ്ങളും , സംഘം ജീവനക്കാരും അവരുടെ കുടുംബാംഗങ്ങളും സംഘത്തിലേയ്ക്ക് കുടിശ്ശികയാക്കിയ എല്ലാ ബാധ്യതകളെയും സംബന്ധിച്ച വിശദമായ ലിസ്റ്റിന്റെ പരിഗണന.

> **കുറിപ്പ്:-** ''കുടുംബാംഗങ്ങൾ'' എന്നാൽ ഭർത്താവ്, ഭാര്യ, ദത്ത് കുട്ടികൾ ഉൾപ്പെടെയുള്ള അവരുടെ കുട്ടികളും മാതാപിതാക്കളും എന്നാകുന്നു.

h. ലാഭവിഭജനം നടത്തുക
i. നിയമത്തിന് വിധേയമായി ക്ഷീര സഹകരണ സംഘം രജിസ്ട്രാർ ആവശ്യപ്പെടുന്ന മറ്റ് വിവരങ്ങൾ.
j. സംഘം ബൈലോ പ്രകാരം അവതരിപ്പിക്കാവുന്ന ഇതര വിഷയങ്ങൾ.

5. ക്ഷീര സഹകരണ സംഘം രജിസ്ട്രാർക്കോ അദ്ദേഹം നിയോഗിക്കുന്ന മറ്റൊരാൾക്കോ സഹകരണ ആഡിറ്റ് ഡയറക്ടർക്കോ അദ്ദേഹം നിയോഗിക്കുന്ന മറ്റൊരാൾക്കോ സംഘത്തിന്റെ പൊതുയോഗത്തിൽ പങ്കെടുക്കുവാൻ അവകാശമുണ്ടായിരിക്കുന്നതാണ്.
6. സംഘത്തിന്റെ പ്രവർത്തനത്തിൽ എന്തെങ്കിലും പോരായ്മകൾ ഉണ്ടെന്ന് ആഡിറ്റിൽ കണ്ടെത്തിയാൽ, ആഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ച പോരായ്മകളും ക്രമക്കേടുകളും,

പരിഹരിക്കുന്നതിനു സംഘം ഭരണസമിതി നടപടികൾ സ്വീകരിക്കേണ്ടതും ഓരോ വർഷവും ചേരുന്ന വാർഷിക പൊതുയോഗത്തിന്റെ മുമ്പാകെ സ്വീകരിച്ച നടപടികൾ സംബന്ധിച്ച റിപ്പോർട്ട് സഹിതം ആഡിറ്റ് റിപ്പോർട്ട് വയ്ക്കേണ്ടതുമാണ്. ആഡിറ്റ് റിപ്പോർട്ടിലുള്ള എല്ലാ പോരായ്മകളും ക്രമക്കേടുകളും പരിഹരിക്കുന്നത് വരെ സംഘം ഭരണസമിതി നടപടികൾ എടുക്കുന്നത് തുടരേണ്ടതും എല്ലാ പോരായ്മകളും , ക്രമക്കേടുകളും പരിഹരിക്കുന്നതുവരെ എല്ലാ വർഷവും പരിഹരിക്കാത്ത ന്യൂനതകൾ പൊതുയോഗത്തിൽ ധരിപ്പിക്കുകയും ചെയ്യേണ്ടതാണ് . പൊതുയോഗം നടന്ന തീയതി മുതൽ പതിനഞ്ച് ദിവസങ്ങൾക്കകം സഹകരണ ആഡിറ്റ് ഡയറക്ടർക്കും ക്ഷീര സഹകരണ സംഘം രജിസ്ട്രാർക്കും മേൽ പ്രകാരം സ്വീകരിച്ച നടപടികളുടെ റിപ്പോർട്ട് സംഘം ഭരണസമിതി അയച്ചുകൊടുക്കേണ്ടതാണ്.

7. 1969 ലെ കേരള സഹകരണ നിയമം വകുപ്പ് 29 (4) പ്രകാരം വാർഷിക പൊതുയോഗം നിശ്ചിത സമയത്തിനുള്ളിൽ നടക്കാത്ത പക്ഷം ആയതിന്റെ ഉത്തരവാദിയായ ഭരണസമിതി അംഗങ്ങളെ ഭരണസമിതിയിൽ തുടരുന്നതിൽ നിന്നും നിയമപ്രകാരം അയോഗ്യത കൽപിക്കുന്നതാണ്.

ഇപ്രകാരം പൊതുയോഗം കൂടാത്ത സംഘത്തിന്റെ വാർഷിക പൊതുയോഗം 90 ദിവസത്തിനകം വിളിച്ച് ചേർക്കുന്നതിന് ക്ഷീരസഹകരണ സംഘം രജിസ്ട്രാർക്ക് അധികാരമുള്ളതാണ്.

ക്ഷീര സഹകരണ സംഘങ്ങളുടെ വാർഷിക പൊതുയോഗങ്ങൾ മേൽ സൂചിപ്പിച്ച അജണ്ടകൾ പ്രകാരം നിർദ്ദിഷ്ട സമയ പരിധിയ്ക്കകം എല്ലാ വർഷവും നടക്കുന്നു എന്ന് ഉറപ്പുവരുത്തുന്നത് വകുപ്പിന്റെ ഫീൽഡ് തല ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്തമായിരിക്കും എന്ന് അറിയിക്കുന്നു.

ക്ഷീര സഹകരണ സംഘം രജിസ്ട്രാറുടെ പ്രതിനിധി എന്ന നിലയിൽ ക്ഷീരസംഘങ്ങളുടെ എല്ലാ പൊതുയോഗങ്ങളിലും ബന്ധപ്പെട്ട ഡയറി ഫാം ഇൻസ്ട്രക്ടർ / ക്ഷീരവികസന ഓഫീസർ /ഗുണ നിയന്ത്രണ ഓഫീസർ / അസിസ്റ്റന്റ് ഡയറക്ടർ നിർബന്ധമായും പങ്കെടുക്കേണ്ടതാണ് എന്നും അറിയിക്കുന്നു.

**ഡയറക്ടർ/ക്ഷീരസഹകരണസംഘം രജിസ്ട്രാർ**

Signed by
Asif K Yusuf
Date: 03-10-2024 11:09:36

***എല്ലാ ക്ഷീര സഹകരണ സംഘങ്ങൾക്കും (ഡെപ്യൂട്ടി ഡയറക്ടർ മുഖാന്തിരം)***

പകർപ്പ് :-

1. ജോയിന്റ് ഡയറക്ടർ ( ജനറൽ , പ്ലാനിംഗ് , സ്റ്റേറ്റ് ഡയറി ലാബ്)
2. ഡെപ്യൂട്ടി ഡയറക്ടർ ( ജനറൽ , പ്ലാനിംഗ് , എക്സ്റ്റെൻഷൻ , ഇ - ഗവേർണൻസ് & ഐ റ്റി , എല്ലാ ജില്ലകൾക്കും )
3. എല്ലാ ക്ഷീര പരിശീലന കേന്ദ്രം പ്രിൻസിപ്പാൾമാർക്കും
4. ഈ ഓഫീസിലെ എല്ലാ ടെക്നിക്കൽ ഓഫീസർമാർക്കും
5. എല്ലാ ക്ഷീര വികസന ഓഫീസർമാർക്കും *(ഡെപ്യൂട്ടി ഡയറക്ടർ മുഖാന്തിരം)*
6. സി / ജി സെക്ഷൻ സൂപ്രണ്ട്
7. ഡയറി ഫാം ഇൻസ്ട്രക്ടർ ( ഐ റ്റി സെൽ - വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി )
8. സഞ്ചയം